# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5112** — 28.10.2016 ലെ മറുപടിക്ക്

## അനധികൃത കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ് : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത കെട്ടിടനിർമ്മാണം സംബന്ധിച്ച് 14-ാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1163-ന് നൽകിയ മറുപടി പ്രകാരം തിരുവനന്തപുരം ആറ്റിപ്ര സോണൽ ഓഫീസിൽ നിന്നും ആറ്റിപ്ര വില്ലേജ് സർവ്വെ നമ്പർ 362/10-ൽ ഉൾപ്പെട്ട 3 ആർ സ്ഥലത്ത് 07.12.2012 ലെ പെർമിറ്റ് നമ്പർ ZA3/13A/282-A/12, പ്രകാരം നിർമ്മിച്ച കെട്ടിടത്തിന്റെ ആധാര നമ്പർ, വർഷം, സബ് രജിസ്ട്രാർ ഓഫീസ് എന്നിവ വ്യക്തമാക്കുമോ; | (എ) ആറ്റിപ്ര വില്ലേജിലുള്ള സർവ്വെ നമ്പർ 362/10-ലെ 3.00 ആർ വസ്തുവിലാണ് ZAE/BA/282-A/12 നമ്പർ പ്രകാരം പെർമിറ്റ് നൽകിയിരുന്നത്. ടി വസ്തുവിന്റെ ആധാര നമ്പർ 1455 ഉം തീയതി 20.04.1978 ഉം ആണ്. കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിലാണ് ആധാരം രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) അനധികൃതമായി നിർമ്മാണം നടത്തിയതിനാൽ ടി.സി. നമ്പർ നൽകാതിരുന്ന പ്രസ്തുത കെട്ടിടത്തിന് അതിനോട് ചേർന്നു കിടക്കുന്ന 1.02 ആർ സ്ഥലം കൂടി വാങ്ങി ചേർത്ത്, നിർമ്മാണം കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിന് വിധേയമാക്കിയതിനാൽ ആണ് നിർമ്മാണം ക്രമവൽക്കരിച്ച്, തിരുവനന്തപുരം നഗരസഭ ടി.സി. നമ്പർ നൽകിയതെന്ന് പറയപ്പെടുന്നതു പ്രകാരം പുതിയതായി വാങ്ങി ചേർത്ത വസ്തുവിന്റെ ആധാര നമ്പരും വർഷവും ആധാരം രജിസ്റ്റർ ചെയ്ത സബ് രജിസ്ട്രാർ ഓഫീസും വിശദമാക്കുമോ; | (ബി) ക്രമവൽക്കരണത്തിനായി പുതിയതായി കൂടുതലായി കൂട്ടിച്ചേർത്ത വസ്തു ആറ്റിപ്ര വില്ലേജിൽ റീസർവ്വേ നമ്പർ 362/9-2 ൽ 1.02 ആർ ആണ്. കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 02.12.2015 ന് 3819-ാം നമ്പരായി രജിസ്റ്റർ ചെയ്ത ആധാര പ്രകാരമുള്ളതാണ് ടി സ്ഥലം. |

(തുടർച്ച......2)

| | | | |
|---|---|---|---|
| (സി) | അനധികൃത കെട്ടിട നിർമ്മാണം നടത്തിയ ശേഷം ക്രമവൽക്കരിച്ച പ്രസ്തുത കെട്ടിടത്തിന് എന്നാണ് ടി.സി. നമ്പർ നൽകിയത്; ടി.സി. നമ്പർ എത്രയാണ്; വിശദമാക്കുമോ; പ്രസ്തുത ബിൽഡിംഗിന്റെയും വസ്തുക്കളുടേയും പ്ലാൻ ലഭ്യമാക്കുമോ; | (സി) | ZAE-3216/13 dated 15.02.2016 നമ്പർ പ്രകാരം ഒക്കുപ്പൻസി നൽകിയിട്ടുള്ളതാണ്. തുടർന്ന് 99/3287(1), 99/3287(2), 99/3287(3) പ്രകാരം 20.02.2016 ൽ കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതാണ്. പ്ലാനിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) റിപ്പോർട്ട് പ്രകാരം കെട്ടിട നിർമ്മാണം നടത്തിയത് ക്രമക്കേടുകൾ നടത്തിയാണ് എന്നിരിക്കെ ഇതിന് ടി.സി. നമ്പർ അനുവദിച്ചപ്പോൾ ചീഫ് ടൗൺ പ്ലാനറുടെ (വിജിലൻസ്) അനുവാദം വാങ്ങിയിരുന്നോ; വിശദമാക്കുമോ; കോപ്പി ലഭ്യമാക്കുമോ; | (ഡി) | കെട്ടിട നമ്പർ നൽകുന്നതിനായി ക്രമവൽക്കരിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ചപ്പോൾ ചീഫ് ടൗൺ പ്ലാനർ വിജിലൻസിന്റെ അനുവാദം വാങ്ങിയിരുന്നില്ല. സർവ്വേ നമ്പർ 362/9-2 നമ്പരായുള്ള 1.02 ആർ വസ്തു കൂട്ടിച്ചേർത്തും, ചീഫ് ടൗൺ പ്ലാനർ വിജിലൻസ് ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചും ലഭിച്ച ക്രമവൽക്കരണ അപേക്ഷ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 1999 റൂൾ 143 ന് വിധേയമാകയാൽ ഒക്കുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ളതാണ്. |
| (ഇ) | പ്രസ്തുത കെട്ടിട ഉടമസ്ഥന്റെ സ്വാധീനത്താലാണ് ഈ അനധികൃത കെട്ടിട നിർമ്മാണം നടത്തിയതെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഇ) | കെട്ടിട ഉടമയുടെ സ്വാധീനത്താൽ അനധികൃത നിർമ്മാണം നടത്തിയതായി മനസ്സിലാക്കിയിട്ടില്ല. എന്നാൽ പെർമിറ്റ് നൽകിയതിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**